**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5219** **04-07-2024 - ൽ മറുപടിയ്ക്ക്**

**വാണിയപ്പുര കോളനിയുടെ സംരക്ഷണ ഭിത്തി പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ കൂരോപ്പട പഞ്ചായത്തിൽ എം.എൻ. ലക്ഷം വീട് കോളനിയിലെ ( വാണിയപ്പുര കോളനി) നടപ്പാതയും സംരക്ഷണ ഭിത്തിയും പുനർനിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ റവന്യൂ വകുപ്പിന് ലഭിച്ചിരുന്നോ; ഇതിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ കൂരോപ്പട എം.എൻ ലക്ഷം വീട് നഗറിലെ (വാണിയപ്പുര കോളനി) നടപ്പാതയും സംരക്ഷണ ഭിത്തിയും പുനർനിർമ്മിക്കുന്നതിന് ജില്ലാകളക്ടർ സമർപ്പിച്ച 17,50,000/- രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സംസ്ഥാന ദുരന്ത ലഘൂകരണ നിധിയിൽ (SDMF) നിന്നും തുക അനുവദിക്കുന്നതിനുള്ള നിശ്ചിത പെർഫോമയിൽ അപേക്ഷ തയ്യാറാക്കി പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പിൽ (Working Group for Climate Change, DM and Biodiversity) വച്ച് അനുമതി നേടിയശേഷം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗീകാരത്തോടെ ശുപാർശ സമർപ്പിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. പുതുക്കിയ ശുപാർശ ലഭ്യമാകുന്ന മുറക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കോളനിയിലേക്കുള്ള നടപ്പാത തകർന്നതായും ഇവിടെയുള്ള 5 ഓളം വീട്ടുകൾ സംരക്ഷണഭിത്തി തകർന്നതിനാൽ അപകടാവസ്ഥയിലാണെന്നും കാണിച്ച് റിപ്പോർട്ട് ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് എന്നാണ് ലഭിച്ചതെന്ന് അറിയിക്കാമോ; | (ബി) | 18/01/2024 ന് ഈ വകുപ്പിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റയുടെ അംഗീകാരത്തോടെയുള്ള പുതുക്കിയ ശുപാർശ ലഭ്യമാകുന്ന മുറക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് |
| (സി) | സംസ്ഥാനത്ത് അതിതീവ്രമഴയുണ്ടാകുന്ന സാഹചര്യത്തിൽ മണ്ണിടിച്ചിൽ പോലുള്ള അപകട സാധ്യത വർധിക്കുമെന്നിരിക്കെ പ്രസ്തുത പ്രവൃത്തികൾക്ക് ഇതുവരെയും ഫണ്ട് അനുവദിക്കാത്തതിന്റെ കാരണം അറിയിക്കുമോ; ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ? | (സി) | 18/01/2024 ന് ഈ വകുപ്പിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റയുടെ അംഗീകാരത്തോടെയുള്ള പുതുക്കിയ ശുപാർശ ലഭ്യമാകുന്ന മുറക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ